I/41978/2023

"ഭരണഭാഷ-മാതൃഭാഷ"

**സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

വികാസ് ഭവൻ, തിരുവനന്തപുരം.

**(ഹാജർ : ശ്രീകുമാർ. ബി)**

വിഷയം : ഡി.ഇ.എസ്– കമ്പ്യൂട്ടർവിഭാഗം- സി.എം.ഒ പോർട്ടൽ-അവലോകനയോഗം- സംബന്ധിച്ച്.

പരാമർശം : സർക്കുലർ നം. സിഎംസിസി-4/10/2022- സി.എം.സി.സി തീയതി 31/03/2022 സർക്കാർ പരിപത്രം

**<u>ഉത്തരവ് നമ്പർ. ഡി.ഇ.എസ്/1552/2022-COMP2 തീയതി : 01-08-2023</u>**

പരാമർശ പ്രകാരം ബഹു: മുഖ്യമന്ത്രിയുടെ ഓൺലൈൻ പൊതുജന പരാതി പരിഹാര സംവിധാനം മുഖേന സാമ്പത്തികസ്ഥിതിവിവരകണക്ക് വകുപ്പിൽ ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അവലോകന യോഗം യഥാസമയം നടത്തിവരുകയും ഇതിൻറെ മിനിട്സ് പരമർശം പ്രകാരം സി.എം.ഒ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്തുവരുന്നു. പരാതികളുടെ അവലോകനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പരാതികൾ ശരിയായ വിധത്തിൽ കൈകാര്യം ചെയ്യുന്നതിനും സമയബന്ധിതമായി തീർപ്പാക്കുന്നതിനുമായി നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്തി ചുവടെ പറയും പ്രകാരം കമ്മറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

1) ഡയറക്ടർ, ചെയർമാൻ

2) അഡീഷണൽ ഡയറക്ടർ (ജനറൽ), ചാർജ് ഓഫീസർ, സി എം ഒ. & മെമ്പർ

3) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, മെമ്പർ

4) ഡെപ്യൂട്ടി ഡയറക്ടർ, കംപ്യൂട്ടർ വിഭാഗം, മെമ്പർ & കൺവീനർ

മേൽ പറഞ്ഞ കമ്മിറ്റി എല്ലാ മാസവും അവസാനത്തെ ശനിയാഴ്ച (അവധി ആണെങ്കിൽ അടുത്ത തിങ്കളാഴ്ച) യോഗം ചേരേണ്ടതാണ്. ഇതേ ദിവസം മറ്റ് കാരണങ്ങളാൽ ഡയറക്ടറുടെ അഭാവം ഉണ്ടാകുന്ന പക്ഷം ചാർജ് ഓഫീസറുടെ അദ്ധ്യക്ഷതയിൽ യോഗം ചേരേണ്ടതാണ്.

Signed by
Sreekumar B
Date: 01-08-2023 13:19:55

DIRECTOR(FULL ADDITIONAL CHARGE) DES

കമ്മറ്റി അംഗങ്ങൾക്ക്

പകർപ്പ്

1. ബഹു: മുഖ്യമന്ത്രിയുടെ ഓഫീസ്
2. ഡയറക്ടറുടെ സി എ
3. അഡീഷണൽ ഡയറക്ടറുടെ സി എ
4. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി എ
5. ഫയൽ/സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി